പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1372

20.01.2014 ൽ മറുപടിക്ക്

## പാചകവാതക വിതരണവും ആധാർ കാർഡും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ. കെ. കുഞ്ഞിരാമൻ:<br>ശ്രീ. സി. കൃഷ്ണൻ:<br>ശ്രീ ബി.ഡി. ദേവസ്സി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ആധാർ കാർഡുമായി ബന്ധപ്പെടുത്തിയുള്ള ബാങ്ക് അക്കൗണ്ട് നമ്പർ നൽകാത്തവർക്ക് പാചക വാതക സബ്സിഡി നൽകില്ലെന്ന കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇത് ലക്ഷക്കണക്കിന് വരുന്ന പാചകവാതക ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം അറിവുള്ളതാണോ ;<br>(സി) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) (ബി) (സി) ആധാർ കാർഡുമായി ബന്ധപ്പെടുത്തിയുള്ള ബാങ്ക് അക്കൗണ്ട് നമ്പർ നൽകാത്തവർക്ക് പാചക വാതക സബ്സിഡി നൽകില്ലെന്ന കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പാചക വാതക സബ്സിഡി ബാങ്ക് അക്കൗണ്ട് വഴി ലഭ്യമാക്കുന്ന DBTL സ്കീം നിലവിലുണ്ട്. പാചകവാതക കണക്ഷൻ ആധാർ കാർഡുമായി ബന്ധിപ്പിക്കുന്നതിനുള്ള കാലാവധി കേന്ദ്രസർക്കാർ 28.02.2014 വരെ നീട്ടിയിട്ടുണ്ട്. ഇതിനുള്ള സമയം ആറുമാസത്തേക്ക് കൂടി നീട്ടി നല്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) പാചകവാതക ഉപഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇതിൽ ആധാർ രജിസ്ട്രേഷൻ ഇല്ലാത്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാണോ; | (ഡി) സംസ്ഥാനത്ത് മൊത്തം 72.57 ലക്ഷം പാചകവാതക ഉപഭോക്താക്കളുണ്ട്; ആധാർ രജിസ്ട്രേഷൻ ഇല്ലാത്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല; |

| | | | |
|---|---|---|---|
| (ഇ) | ആധാർ കാർഡുള്ള ഉപഭോക്താക്കൾക്ക് ബാങ്ക് വഴി ലഭിച്ച സബ്സിഡി തുക കുറവുള്ളതായി പരാതി ഉയർന്നിട്ടുണ്ടോ; ഇത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഇ) | ഉണ്ട്; നിലവിലെ നിയമ പ്രകാരം പാചക വാതകത്തിന് സബ്സിഡി കിട്ടുവാനർഹതയുള്ള ഉപഭോക്താക്കളിൽ നിന്നും അവർ യഥാർത്ഥത്തിൽ നൽകേണ്ടുന്ന വിലയുടെ (ഇഷ്യു പ്രൈസ്-സബ്സിഡി) അഞ്ച് ശതമാനം വാറ്റ് ഈടാക്കുന്നുണ്ട്. പ്രസ്തുത 5% വാറ്റ് സബ്സിഡി ലഭിക്കുവാൻ അർഹതയുള്ള ഉപഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടതില്ല എന്ന് സംസ്ഥാനസർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (എഫ്) | നിയമത്തിന്റെ പിൻബലമില്ലാത്ത ആധാർ ഒരുപദ്ധതിക്കും നിർബന്ധമാക്കരുതെന്ന സുപ്രീം കോടതി വിധി നിലനിൽക്കെയാണ് കേന്ദ്രം പാചകവാതകത്തിന് ആധാർ നിർബന്ധമാക്കിയതെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | (എഫ്) | സബ്സിഡിയിനത്തിൽ കേന്ദ്രസർക്കാർ നല്കുന്നതുക യഥാർത്ഥ ഉപഭോക്താവിന് തന്നെ ലഭിക്കുന്നതിന് വേണ്ടിയാണ് ആധാർ നമ്പരുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള DBTL സ്കീം നിലവിൽ വരുത്തിയത്. |
| (ജി) | സംസ്ഥാനത്തെ പകുതിയോളം വരുന്ന പാചകവാതക ഉപഭോക്താക്കളെ സാരമായി ബാധിക്കുന്ന ആധാർ നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് പിൻവലിക്കുന്നതിന് കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ? | (ജി) | സംസ്ഥാനത്തെ 72.76% ഉപഭോക്താക്കൾ അവരുടെ ആധാർ ഗ്യാസ് ഏജൻസികളുമായും 62.54% ഉപഭോക്താക്കൾ അവരുടെ ആധാർ ബാങ്കുകളുമായും ബന്ധിപ്പിച്ചിട്ടുള്ളതായി എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ